ഉത്തരം

(എ) സ്വകാര്യ പങ്കാളിത്തം സ്വീകരിച്ച് പി.പി.പി.വ്യവസ്ഥയിൽ നഗരസഭയിൽ ഷോപ്പിംഗ് കോംപ്ലക്സുകൾ ഉൾപ്പെടെയുള്ള വൻ പദ്ധതികൾ ആരംഭിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) നഗരസഭകൾക്ക് ആവശ്യമായ തനത് ഫണ്ട് സ്വരൂപിക്കാനും നഗരസഭകൾക്ക് മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും സ്വകാര്യ പങ്കാളിത്തം സ്വീകരിച്ച് നഗരസഭയുടെ സമഗ്ര വികസനത്തിനും നികുതിയേതര വരുമാനം വർദ്ധിപ്പിച്ച് അതുവഴി മെച്ചപ്പെട്ട സേവനങ്ങൾ ജനങ്ങൾക്ക് നൽകുക എന്നതാണ് ഉദ്ദേശ്യലക്ഷ്യം.

(സി) കേരളത്തിലെ നഗരസഭകളിലെ നിക്ഷേപ സാധ്യതകൾ നിക്ഷേപകർക്ക് മുമ്പാകെ വിശദമായി അവതരിപ്പിക്കുന്നതിനുവേണ്ടി 2014 ഫെബ്രുവരി 24, 25 തീയതികളിൽ കൊച്ചിയിൽ വച്ച് നിക്ഷേപക സംഗമം നടത്തിയിരുന്നു. നിലവിൽ പി.പി.പി. വ്യവസ്ഥയിൽ പദ്ധതികൾ നടപ്പിൽ വരുത്തുന്നതിനായി 27-09-2014-ലെ 2540/14/തസ്വഭവ ഉത്തരവ് പ്രകാരം പാർട്ണർ കേരള മിഷൻ രൂപീകരിച്ചിട്ടുണ്ട്.

കേരളത്തിലെ ഫ്ലാറ്റ് നിർമ്മാണം

94 (3297) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഫ്ലാറ്റ് നിർമ്മാണത്തിന് തടസ്സങ്ങളായി നിൽക്കുന്ന നിബന്ധനകൾ എന്തൊക്കെയാണ്; വിശദാംശം നൽകുമോ ;

(ബി) അതിൽ ഏതെല്ലാമാണ് ഭേദഗതിക്കായി നിർദ്ദേശിച്ചിട്ടുള്ളത് ; വിശദാംശം നൽകുമോ ;

ഉത്തരം

(എ) ആവശ്യമായ സൗകര്യങ്ങളും സുരക്ഷകളും കെട്ടിടങ്ങൾക്ക് ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തിലാണ് കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളും കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങളും വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുള്ളത്. സംസ്ഥാനത്തെ ഫ്ലാറ്റ് നിർമ്മാണത്തിന് തടസ്സമായി നിൽക്കാൻ ഉദ്ദേശിച്ച് യാതൊരു നിബന്ധനകളും ടി കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല.

(ബി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly